A

# സമഗ്ര ശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2024-2025

## സാമൂഹ്യശാസ്ത്രം

705

ക്ലാസ്: 7 | സമയം: 2 മണിക്കൂർ


### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.


---

**പ്രവർത്തനം - 1**

**മധ്യകാലഇന്ത്യയിലെ ചില ചരിത്രശേഷിപ്പുകളുടെ ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്.**



**ചെങ്കോട്ട**



**ഹംപി**

എ) ഏതൊക്കെ രാജഭരണകാലത്താണ് ഇവ നിർമ്മിക്കപ്പെട്ടത്?

ചെങ്കോട്ട ____________________

ഹംപി ____________________

ബി) അക്ബർ ചക്രവർത്തിയെക്കുറിച്ച് ജെസ്യൂട്ട് പാതിരിയായ പിയറിജാറിക്കിന്റെ കുറിപ്പിൽ നിന്നുള്ള ചില വാക്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

ഇവയിൽ നിന്ന് അക്ബർ ചക്രവർത്തിയുടെ ഏതൊക്കെ സവിശേഷതകളാണ് നിങ്ങൾക്ക് കണ്ടെത്താൻ കഴിയുക.

| | |
|---|---|
| • കിഴക്കിനെ വിറപ്പിച്ച ചക്രവർത്തി. | |
| • ജാതി, മത, പരിചിത, അപരിചിത വ്യത്യാസമില്ലാതെ ജനങ്ങൾക്ക് പരിഗണന നൽകി. | |
| • കരുത്തരോട് ശക്തമായും അശക്തരോട് കരുണയോടും പെരുമാറി. | |

## പ്രവർത്തനം 2

എ) നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്താൻ ഗാന്ധിജി ആഗ്രഹിച്ച കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവ ഭരണഘടനയുടെ ഏതെല്ലാം ആശയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

(ലിംഗനീതി, തുല്യത, സഹോദര്യം, പരമാധികാരം)

1) ദരിദ്രരായ മനുഷ്യർക്ക് രാജ്യത്തെ രൂപപ്പെടുത്തുന്നതിൽ കാര്യക്ഷമമായ ശബ്ദമുണ്ടാകണം. [ ]

2) പുരുഷന്മാരുടെ അവകാശങ്ങൾ അതേപോലെ സ്ത്രീകൾക്കും അനുഭവിക്കാനാകുന്ന ഇന്ത്യ. [ ]

3) എല്ലാ പ്രതിസന്ധികളിൽ നിന്നും രക്ഷാകർതൃത്വത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കുന്ന ഭരണഘടന. [ ]

4) ഉച്ചനീചത്വങ്ങളില്ലാതെ, എല്ലാ സമുദായക്കാരും തികഞ്ഞ സൗഹാർദത്തോടെ ജീവിക്കുന്ന ഇന്ത്യ. [ ]

ബി) ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്ന ദിവസം ഏതുപേരിലാണ് നാം ആചരിക്കുന്നത്?

(a) സ്വാതന്ത്ര്യദിനം (b) ഭരണഘടനാദിനം

(c) റിപ്പബ്ലിക് ദിനം (d) സമ്മതിദാന ദിനം

## പ്രവർത്തനം 3

**പന്ത്രണ്ടാം നൂറ്റാണ്ടിൽ കന്നട ദേശത്തിൽ ജീവിച്ചിരുന്ന തത്വചിന്തകനും സാമൂഹ്യ പരിഷ്കർത്താവുമായിരുന്നു ബസവണ്ണ.**

എ) നൽകിയിരിക്കുന്നവയിൽ ബസവണ്ണയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെല്ലാം?

(a) വീരശൈവ പ്രസ്ഥാനം സ്ഥാപിച്ചു.

(b) താമസസ്ഥലം ഖാൻഗാഹുകൾ എന്നറിയപ്പെട്ടു.

(c) ലംഗാറിന്റെ (പൊതു അടുക്കള) പ്രാധാന്യം വ്യക്തമാക്കി.

(d) ചർച്ചയിൽ രൂപപ്പെടുന്ന ആശയങ്ങളെ 'വചനങ്ങൾ' എന്ന പേരിൽ ജനങ്ങളിലേക്കെത്തിച്ചു.

i. a യും b യും

ii. b യും c യും

iii. c യും d യും

iv. a യും d യും

ബി) ബസവണ്ണ സ്ഥാപിച്ച 'അനുഭവ മണ്ഡപം' സാമൂഹ്യമാറ്റത്തിന് എങ്ങനെ സഹായിച്ചു? വിശദമാക്കുക.

പ്രവർത്തനം - 4

**മികച്ച ഗായികക്കുള്ള 2020-ലെ ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ചത് നഞ്ചിയമ്മയ്ക്കായിരുന്നു. ഗോത്രവിഭാഗത്തിൽ നിന്ന് ഈ പുരസ്കാരം നേടുന്ന ആദ്യത്തെയാളാണ് നഞ്ചിയമ്മ.**

എ) ഗോത്രജനതയുടെ കലാസാംസ്കാരിക ജീവിതത്തെക്കുറിച്ചറിയുന്നതിനു വേണ്ടി നഞ്ചിയമ്മയുമായി അഭിമുഖം നടത്തുന്നതിനാവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കുക. (പ്രസക്തമായ അഞ്ച് ചോദ്യങ്ങളെങ്കിലും ഉണ്ടാകണം)

പ്രവർത്തനം - 5

എ) ഡൽഹി കേന്ദ്രമാക്കി ഇന്ത്യയിൽ മുഗൾഭരണത്തിന് തുടക്കം കുറിച്ച ഭരണാധികാരി ആര്?

(a) ബാബർ

(b) ഔറംഗസേബ്

(c) അക്ബർ

(d) ഷാജഹാൻ

ബി) 'അക്ബർ ചക്രവർത്തി മതസഹിഷ്ണുതയുള്ള ഭരണാധികാരിയായിരുന്നു'- തെളിവുകൾ നിരത്തി സമർഥിക്കുക.

(സൂചന: ഇബാദത്ത്ഖാന, ദിൻ-ഇ-ലാഹി, രാജസദസ്)

പ്രവർത്തനം - 6

**ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലൂടെ ഉയർന്നുവന്ന ആശയങ്ങളും മൂല്യങ്ങളുമാണ് നമ്മുടെ ഭരണഘടനയുടെ അടിത്തറയായി മാറിയത്.**

എ) 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് താഴെപറയുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തി എഴുതുക.

1) ആദ്യത്തെ ബഹുജന സമരമായിരുന്നു 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം.

2) മതസൗഹാർദ ചിന്തകൾക്ക് പ്രസക്തിയില്ലെന്ന് ഒന്നാം സ്വാതന്ത്ര്യസമരം തെളിയിച്ചു.

3) ജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിന് 1857 ലെ വിപ്ലവം സഹായകമായി.

4) ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഒന്നാം സ്വാതന്ത്ര്യസമരത്തെ ശക്തിപ്പെടുത്തി.

5) നിരവധി പ്രാദേശിക സംഘടനകളുടെ പിറവിക്ക് ഒന്നാം സ്വാതന്ത്ര്യസമരം കാരണമായി.

ബി) കേന്ദ്രത്തിൽ 'ദ്വിമണ്ഡലസഭ' എന്ന ആശയം ഭരണഘടനയിൽ ഉൾപ്പെടുത്തിയത് ഏതു നിയമത്തിൽ നിന്നാണ്?

സി) 1946 ൽ അധികാരക്കൈമാറ്റം ചർച്ചചെയ്യുവാനായി ഇന്ത്യ സന്ദർശിച്ച ക്യാബിനറ്റ് മിഷന്റെ പ്രധാന നിർദേശം എന്തായിരുന്നു?

പ്രവർത്തനം - 7

എ) മുഗൾഭരണകാലത്തെയും വിജയനഗരഭരണകാലത്തെയും നീതിനിർവഹണവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് താഴെ പട്ടികയിൽ തന്നിരിക്കുന്നത്. വിട്ടുപോയവ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| **മുഗൾഭരണകാലം** | **വിജയനഗരഭരണകാലം** |
|---|---|
| • തർക്കങ്ങളിൽ അന്തിമ തീരുമാനം ചക്രവർത്തിയുടേതായിരുന്നു | അപ്പീൽ അധികാരി രാജാവായിരുന്നു. |
| • പ്രത്യേകം കോടതികളില്ല | ........................................................................ |
| • ........................................................................ | ചെറിയ കുറ്റങ്ങളും തൊഴിൽ പ്രശ്നങ്ങളും ഗ്രാമങ്ങളിലെ കോടതികൾ കൈകാര്യം ചെയ്തു. |

ബി) മുഗൾ ഭരണകാലത്തെയും വിജയനഗരഭരണകാലത്തെയും നീതിനിർവഹണരീതി താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം 8

**മധ്യകാല ഇന്ത്യയിൽ ജീവിച്ചിരുന്ന പ്രധാന ഭക്തിസൂഫി പ്രചാരകരെക്കുറിച്ചുള്ള സൂചനകളാണ് താഴെ പട്ടികയിൽ നൽകിയിരിക്കുന്നത്.**


എ) പട്ടികപൂർത്തിയാക്കുക.

| **സൂചനകൾ** | **ഭക്തിസൂഫി ആചാര്യന്മാർ** |
|---|---|
| പ്രധാന സൂഫിവര്യന്മാരിൽ ഒരാൾ 13-14 നൂറ്റാണ്ടുകളിലായി ഡൽഹിയിൽ ജീവിച്ചിരുന്നു. | ഷേയ്ഖ് നിസാമുദീൻ ഔലിയ |
| 12-ാം നൂറ്റാണ്ടിൽ കന്നടദേശത്തിൽ ജീവിച്ചിരുന്നു. കന്നടഭാഷയിലാണ് രചനകൾ നടത്തിയത്. വീരശൈവ എന്ന പ്രസ്ഥാനം ആരംഭിച്ചു. | |
| 15-ാം നൂറ്റാണ്ടിൽ ഉത്തർപ്രദേശിൽ ജീവിച്ചിരുന്നു. ദോഹകൾ എന്നറിയപ്പെടുന്ന കീർത്തനങ്ങളിലൂടെ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നു. | |

ബി) പൂന്താനം, ഖാജാ മൊയ്നുദ്ദീൻ ചിസ്തി, കാരയ്ക്കൽ അമ്മയാർ എന്നിവർ ഭക്തിസൂഫി പ്രചാരകരായിരുന്നു. ഇവർ ജീവിച്ചിരുന്ന സംസ്ഥാനങ്ങൾ കണ്ടെത്തി തന്നിട്ടുള്ള ഇന്ത്യയുടെ ഔട്ട്ലൈൻ മാപ്പിൽ അടയാളപ്പെടുത്തുക.

പ്രവർത്തനം 8 ബി

(പ്രവർത്തനം പൂർത്തിയാക്കി ഉത്തരക്കടലാസിനോടൊപ്പം നൽകേണ്ടതാണ്.)




Published by Survey of India